# പതിന്നാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.803 — 01-03-2017-ൽ മറുപടിയ്ക്ക്

### തൃപ്പൂണിത്തുറ ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ ഒട്ടേറെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ്(e-grantz) പ്രകാര മുള്ള ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത കാരണത്താൽ വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കു ന്നതിനായി ഇ-ഗ്രാന്റ്സ് എത്രയും വേഗം അനുവദിക്കു ന്നതിനുള്ള നടപടികൾ സ്വീകരി ക്കാമോ ; | ബി) & സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ 22/02/2017 വരെയുള്ള ഇ-ഗ്രാന്റ്സ് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന ത്തെ ഒ.ബി.സി/ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യവിതരണത്തിൽ 169 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 125 കോടിരൂപ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശികയടക്കം മുഴുവൻ തുകയും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | വിദ്യാർത്ഥികൾക്ക് പ്രസ്തുത ഗ്രാന്റ് എന്നത്തേക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാ ക്കാമോ ; | | |
| ഡി) | ഭാവിയിൽ ഇത്തരത്തിൽ ഗ്രാന്റുകൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ ? | ഡി) | നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ